


ഹാർഡ്‌വെയർ കംപ്ലെയ്ന്റ് മാനേജ്മെന്റ് സിസ്റ്റത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളുടേയും സമ്പർക്ക വിശദാംശങ്ങൾ പരിഷ്കരിക്കാൻ (update contact details) ഐ.റ്റി@സ്കൂൾ പ്രോജക്ട് ആവശ്യപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് ഇടുക്കി ജില്ലയിലെ സ്കൂളുകൾ 2017 ആഗസ്റ്റ് 4 തീയതിക്ക് മുമ്പായി സമ്പർക്ക വിശദാംശങ്ങൾ പരിഷ്കരിക്കരിക്കേണ്ടതാണ്. ഹാർഡ്‌വെയർ കംപ്ലെയ്ന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ലിങ്ക് താഴെ കൊടുത്തിരിക്കുന്നതിൽ ക്ലിക്ക് ചെയ്ത് പരാതി രേഖപെടുത്തുന്നതിനുള്ള കെൽട്രോണിന്റെ വെബ്ബ് സൈറ്റിൽ പ്രവേശിക്കാവുന്നതാണ്. വെബ്ബ് സൈറ്റ് ലിങ്ക്: http://sc.keltron.org/




സ്കൂളുകൾക്ക് സ്കൂൾ കോഡിനെ തന്നെ യൂസർ നെയിം, പാസ്‌വേഡ് എന്നിവയായി ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതാണ്.

ലോഗിൻ ജാലകത്തിൽ My Account ടാബിൽ View എന്ന പ്രവേശികയിൽ




എത്തി SITC യുടെ ജാലകത്തിലെ Update ൽ ക്ലിക്ക് ചെയ്ത് സമ്പർക്ക വിശദാംശങ്ങൾ പരിഷ്കരിക്കരിക്കുക. Update ൽ ക്ലിക്ക് ചെയ്യുമ്പോൾ ആ ഭാഗം എഡിറ്റ് മോഡിലേയ്ക്ക് മാറുന്നതാണ്.







തുടർന്ന് School Information ടാബിൽ ക്ലിക്ക് ചെയ്ത് തുറക്കുന്ന ജാലകത്തിലെ




Update ൽ ക്ലിക്ക് ചെയ്ത് സ്കൂളുമായി ബന്ധപ്പെട്ട സമ്പർക്ക വിശദാംശങ്ങളും പരിഷ്കരിക്കുക.




Update ൽ ക്ലിക്ക് ചെയ്യുമ്പോൾ ആ ഭാഗം എഡിറ്റ് മോഡിലേയ്ക്ക് മാറുന്നതാണ്.




നിലവിൽ പരിഹരിക്കാതെ നിലനിൽക്കുന്ന ഏതെങ്കിലും പരാതികൾ ഉണ്ടെങ്കിൽ 0471- 4094445 എന്ന നമ്പരിൽ വിളിച്ച് പരിഹാരം തേടാവുന്നതാണ്. പ്രശ്നപരിഹാരം വൈകിയാൽ ഈ വിവരം ജില്ലാ കേന്ദ്രത്തിൽ അറിയിക്കേണ്ടതുമാണ്.

ജില്ലാ കോർഡിനേറ്റർ, ഇടുക്കി